(ബി) ഇല്ല.

(സി) 9-ാം ക്ലാസ്സിൽ പഠനം പൂർത്തിയാകാത്ത വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ്സിലെ പരീക്ഷയ്ക്ക് ഇരിക്കാനുള്ള അനുമതിയില്ല. എന്നാൽ കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിലൂടെ ഓപ്പൺ എസ്.എസ്.എൽ.സി. ആരംഭിക്കാൻ സർക്കാർ നടപടിയെടുത്തിട്ടുണ്ട്. ഒൻപതാം ക്ലാസ്സിലോ താഴ്ന്ന ക്ലാസ്സിലോ പഠനം നിർത്തി വച്ച വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ ചേരാവുന്നതാണ്.

സ്വകാര്യ സ്ക്കൂളുകളിലെ അഡ്മിഷനുള്ള അപേക്ഷാ ഫാറത്തിന്റെ വില

107(4389) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്കൂളുകളിൽ മാനേജ്മെന്റ് സീറ്റിലേക്കുള്ള അപേക്ഷാ ഫാറത്തിന് 50 രൂപ മുതൽ 250 രൂപ വരെ വില ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ ഇത് നിയന്ത്രിക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി മേഖലയിൽ അപേക്ഷാ ഫാറത്തിന് കൂടിയ വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള വിദ്യാഭ്യാസ സാമ്പത്തിക സഹായം

108 (4390) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള വിദ്യാഭ്യാസ സാമ്പത്തിക സഹായം ഈ ഗവൺമെന്റ് നൽകുന്നുണ്ടോ :

(ബി) എങ്കിൽ എത്ര തുക വീതം എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആനുകൂല്യം യഥാവിധി വിതരണം ചെയ്യാറുണ്ടോ ; എങ്കിൽ ഏത് കാലംവരെയുള്ള തുക വിതരണം ചെയ്ത് കഴിഞ്ഞെന്നും ഇതിനുള്ള ഫണ്ട് ചെലവഴിക്കുന്നത് ഏത് ഏജൻസിയാണ് എന്നും വിശദമാക്കുമോ :

(ഡി) ഈ ആനുകൂല്യം ഏതെല്ലാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഉയർന്ന ക്ലാസ്സുകളിലേക്കും കൂടി പ്രസ്തുത ആനുകൂല്യം നൽകാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly